

# നമ്മുടെ കാടിന്റെ സ്വപ്നങ്ങൾ

https://drive.google.com/file/d/16RG_9s7QSu916VyK3PInfIctbIT66M2o/view?usp=sharing

## അവതാരിക


*മലയാളം : ഒ.പ്രിയ, എ.നീതു, ബാലസുബ്രഹ്മണ്യൻ.എൻ., നീലഗിരി അഴിവിൻ വിഴിമ്പിൽ ഇരുക്കും പഴങ്കുടിയിനർ കൂട്ടായ്മ.*

*എഴുത്ത് : എൻ.പി.വി.ടി.ജി.എഫ്, ചുർമുറി കൂട്ടായ്മ, അതിഥി പിന്റോ, നീരാ സിങ്ങ്.*

*വര : എൻ.പി.വി.ടി.ജി.എഫ്., ചില്ലി, ധനുഷ്, മേഘ്ന മറ്റും ധന*

*അച്ചടി : വസുന്ധര.*

*കൂടുതൽ പങ്കാളിത്തം : പുഷ്പാഞ്ജലി & ദീപൻ*



**മറ്റു ഭാഷകളിൽ തർജ്ജമ ചെയ്യാൻ അനുവാദം വാങ്ങണം**: sobha.sw@gmail.com

https://www.fra.org.in/

www.twitter.com/forestrightsact

എല്ലാ സംരക്ഷണാവകാശവും ഉള്ളതാണ്. ഇതിൽ അടങ്ങിയിട്ടുള്ള ഏത് ഭാഗവും അനുവാദമില്ലാതെ പുനർനിർമ്മിക്കാൻ പാടുള്ളതല്ല. ഗ്രന്ഥകാരന്റെ രേഖമൂലമുള്ള അനുവാദം വാങ്ങുന്നതോടൊപ്പം സംഘടനയുടെ തീരുമാനങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി മാത്രമെ പകർപ്പ് എടുക്കൽ, പ്രസിദ്ധീകരിക്കൽ തുടങ്ങിയവ ചെയ്യാൻ പാടുള്ളു. ഇതു സംബന്ധിച്ച സംശയങ്ങൾ ചോദ്യങ്ങൾ ഉണ്ടെങ്കിൽ അത് എഴുത്തുകാരന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. ഇതു ഒരു വിഭാഗം ജനകീയ കൂട്ടായ്മയുടെ പൊതു പതിപ്പാണ്. ഈ പുസ്തകത്തിലുള്ള വിവരങ്ങൾ വ്യാപാര താത്പര്യം കൂടാതെയും വിദ്യാഭ്യാസ ആവശ്യത്തിനും പകർത്തിയെടുക്കാവുന്നതാണ്. പുനർനിർമ്മിക്കുന്ന പുസ്തകം മൂലഗ്രന്ഥത്തിന്റെ ഉടമസ്ഥാവകാശം വാങ്ങിയ ശേഷമേ പ്രസിദ്ധീകരിക്കാൻ പാടുള്ളു. എപ്പോഴൊക്കെ ഇത് പ്രയോജനപ്പെടുത്തുന്നുവോ അപ്പോഴെല്ലാം ഞങ്ങളെ 0 (CC-BY-NC-SA) അറിയിക്കണ്ടതാണ്.




## ഗ്രന്ഥകാരന്റെ കുറിപ്പ്

ഞങ്ങൾ പണിയർ, കാട്ടുനായ്ക്കർ, ബെട്ടകുറുമ്പർ, ഇരുളർ, കോത്തർ, തോടർ, അലുക്കുറുമ്പർ, ജേനൂ കുറുമ്പർ കൂടാതെ മുള്ളുകുറുമ്പർ തുടങ്ങിയ വിഭാഗക്കാരാണ്. ഈ പുസ്തകം ഞങ്ങളുടെ വിഭാഗത്തിൽപെട്ടവർക്കുള്ള മുഖ്യ ആധാരമെന്ന നിലയിൽ പഠനോപകരണമായി രചിച്ചിട്ടുള്ളതാണ്. പൂർവ്വികർ ഞങ്ങളോട് പറഞ്ഞിട്ടുള്ള കഥകളും വനാവകാശ നിയമം (2006) സംബന്ധിച്ച പുതിയ വിവരങ്ങളുമാണ് സംക്ഷിപ്തമായി ഈ പുസ്തകത്തിൽ കഥാരൂപത്തിൽ വിവരിച്ചിട്ടുള്ളത്.

ഞങ്ങളുടെ ഇനത്തിൽപെട്ടവർക്കല്ലാതെ മറ്റു വിഭാഗക്കാർക്കും ഈ പുസ്തകം പ്രയോജനപ്പെടുമെന്ന് വിശ്വസിക്കുന്നു. 2006 –ലെ വനവാകാശ നിയമം ആദിവാസികൾക്ക് മാത്രമായി വിഭാവനം ചെയ്തതല്ല. വളരെക്കാലാമായി വനത്തിനുള്ളിൽ താമസിക്കുന്ന എല്ലാ വിഭാഗക്കാർക്കും പൊരുത്തപ്പെടുന്നതാണ്. ഈ ഭൂമുഖത്ത്, പ്രത്യേകിച്ച് ഇന്ത്യയിൽ ഇനിയും സൂക്ഷ്മമായി പറഞ്ഞാൽ തെന്നിന്ത്യയിലെ നീലഗിരി വനാന്തരങ്ങളിലും പാർശ്വങ്ങളിലുമായി കഴിയുന്ന ആദിവാസികളുടെ കഥയാണ് ഇതിൽ വിവരിച്ചിട്ടുള്ളത്.

സ്വന്തം വർഗത്തിന്റെ ജീവിതാനുഭവങ്ങളെ ഞങ്ങൾക്കിടയിൽ തന്നെ പ്രചരിപ്പിക്കാനായി എഴുതിയതാണ് ഈ പുസ്തകം. ആശയങ്ങൾ, ഫോട്ടോകൾ, കൂടാതെ ചിത്രങ്ങൾ എന്നിവ പങ്കുവെക്കുന്നതിനായി വാട്സ്ആപ് ഗ്രൂപ്പ് ആരംഭിച്ചു. ഇതുമൂലം ശേഖരിച്ചപകർപ്പുകളുടെ അടിസ്ഥാനത്തിലുമാണ് ഈ പുസ്തകം രചിക്കപ്പെട്ടത്.


ഈ പുസ്തകം തർജ്ജമ ചെയ്യാനും തിരുത്താനും സഹായകമായ എല്ലാ സുഹൃത്തുക്കൾക്കും നന്ദി പറയുന്നു.

വായനക്കാരിൽ വനാവകാശ നിയമം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും നിയമം നടപ്പിൽ വരുത്തുന്നതിനുള്ള അഭിപ്രായ സ്വരൂപണം സാദ്ധ്യമാകുമെന്നും പ്രതീക്ഷിക്കുന്നു.


നമ്മുടെ ഭൂമി എങ്ങനെ കൈവിട്ടുപോയി?
വനാവകാശ നിയമം -2006 എന്നാൽ എന്ത്?
നമ്മൾ ഇതിനുമുമ്പ് എങ്ങനെയാണ് ജീവിച്ചിരുന്നത്?
എവിടെ നിന്ന് തുടങ്ങണം?
നമ്മുടെ ഭൂമി എങ്ങനെ തിരിച്ചുപിടിക്കും?


അജ്ജീ, അജ്ജീ ഞാനൊരു മനോഹരമായ സ്വപ്നം കണ്ടു?
പച്ചപുൽ പ്രദേശത്ത് പറക്കുന്ന പക്ഷികൾ, ഒഴുകുന്ന അരുവികൾ അതൊരു മനോഹരമായ കാടായിരുന്നു. അവിടെ വനംവകുപ്പ് ഉദ്യോഗസ്ഥരെ കാണ്മാനില്ല.
പഴങ്ങൾ, വിത്തുകൾ, പച്ചമരുന്നുകൾ, കൂൺ ഇങ്ങനെ പല വിഭവങ്ങൾ ശേഖരിച്ചു.
ഓ അജ്ജീ, ഞാൻ കണ്ട സ്വപ്നം നിങ്ങളും കണ്ടിരുന്നോ?
ഓ മേതീ , എന്റെ അജ്ജീയും അജ്ജീന്റെ അജ്ജീയും നമ്മുടെ പൂർവ്വികരെയും ഒക്കെ ഞാൻ പലതവണ സ്വപ്നത്തിൽ കണ്ടിട്ടുണ്ട്.

പണ്ടൊക്കെ കാട് എല്ലാവർക്കും പൊതുവായിരുന്നു. അത് ആരുടെയും സ്വകാര്യ സ്വത്തായിരുന്നില്ല. കാട്ടിലെ മരങ്ങൾക്കിടയിലൂടെ കൂട്ടത്തോടെ ഞങ്ങൾ പണിയെടുക്കുമായിരുന്നു.

അന്നൊക്കെ ചുവന്ന വാഴ (ചെങ്കദളി) ഒരു മുളം കയ്യളവ് നീണ്ടതായിരുന്നു. അന്ന് രാസവളങ്ങളിട്ട് മണ്ണ് നശിച്ചിരുന്നില്ല.

വിളകളും കാടുകളും സംരക്ഷിക്കപ്പെട്ടിരുന്നു. മണ്ണിന് വിശ്രമവും അനുവദിച്ചിരുന്നു.

അജ്ജീ, എല്ലാവർക്കും ആവശ്യത്തിന് പോഷകാഹാരങ്ങൾ ലഭിച്ചിരുന്നോ?

അതെ മേതീ, മനുഷ്യർക്കും പക്ഷി മൃഗാദികൾക്കും ഭക്ഷണം സമൃദ്ധമായിരുന്നു. ആവശ്യത്തിന് സൂക്ഷിച്ചിട്ട് ശേഷിക്കുന്നത് മറ്റുള്ളവരുമായി പങ്കിടുമായിരുന്നു.






അജ്ജീ, കാട്, ജലം, ഭൂമി എല്ലാം പ്രകൃതി തന്ന വരമാണെന്ന് നമ്മൾ അറിഞ്ഞു. ആർക്കെങ്കിലും രോഗം വന്നാൽ എങ്ങനെയാണ് ചികിത്സിച്ചിരുന്നത്?

ഓ മേതീ, നമ്മുടെ പൂർവ്വികരും ഈ കാടുമാണ് നമ്മൾക്ക് എല്ലാ അറിവും ജ്ഞാനവും പകർന്നത്. പനിയോ മുറിവോ, തലവേദനയോ, ജലദോഷമോ മറ്റു ഏത് രോഗം വന്നാലും കാട്ടിൽ അതിനെല്ലാം മറുമരുന്നുകളും ഉണ്ടായിരുന്നു.

ഇതു നിന്റെ സ്വപ്നത്തിൽ കണ്ടത് ഓർമ്മയുണ്ടോ?





അജ്ജീ, ഈ കാട് നമുക്ക്നൽകിയതെന്താണ്?

നമ്മൾ സംസാരിക്കുന്ന ഭാഷ പാടുന്ന പാട്ടുകൾ, സംഗീതോപകരണങ്ങൾ നമ്മുടെ വിശ്വാസ പ്രമാണങ്ങൾ നാട്ടാചാരങ്ങൾ എല്ലാം കാടിന്റെ സംഭാവനയാണ്.

പക്ഷെ, അജ്ജീ, ഇപ്പോഴത്തെ നമ്മുടെ ജീവിതത്തിൽ ധാരാളം മാറ്റം സംഭവിച്ചു.
അതെങ്ങനെ? എന്തുകൊണ്ട്?

കാലങ്ങളിൽ നമ്മൾ കാട്ടിൽ സ്വാതന്ത്ര്യത്തോടെയും സമാധാനത്തോടെയും ജീവിച്ചിരുന്നു. ബ്രിട്ടീഷുകാർ ഇതൊക്കെ അവരുടെ അധീനതയിലാക്കി. പിന്നീട് തുടർന്ന് വന്നവരും എല്ലാം അവരുടെ കുത്തകയാക്കി.

കാടിനെ, കാട്ടിലെ മരങ്ങളെ നമ്മൾ അമ്മയയായി കണ്ടു. ബ്രിട്ടീഷുകാർ മരങ്ങളെ കച്ചവട ചരക്കായി മാത്രം കണ്ടു. കാടിനെ അവർ സംരക്ഷിച്ചത് പണമാക്കാൻ വേണ്ടിയാണ്.





ഭൂപടങ്ങൾ വരച്ച് നിയമം ഉണ്ടാക്കി നികുതി പിരിച്ച് മേതീ, നമ്മുടെ കാട് അവർ സ്വന്തമാക്കി. മാത്രമല്ല വനം വകുപ്പിന്റെ ഒരു മന്ത്രാലയം തന്നെ രൂപീകരിച്ചു. പഴങ്ങൾ തേൻ വിറക് എന്നിവ ശേഖരിക്കാനുള്ള അവകാശവും നിരോധിച്ചു.

നമ്മുടെ നാട്ടിലെ മരങ്ങൾ വെട്ടി നശിപ്പിച്ചു. അവരുടെ നാട്ടിലെ മരങ്ങൾ കൊണ്ടുവന്നു നട്ടു. മറുനാടൻ സസ്യങ്ങളുടെ അധിനിവേശത്താൽ നമ്മുടെ ചെറിയ ചെറിയ പ്രാണികളും കീടങ്ങളും  സസ്യജാലങ്ങളും കരഞ്ഞു. ജലം കണ്ണീരായ് ഒഴുകി. നിസ്സഹായരായ അരുവിയുടെ അവസ്ഥ പോലെയാണ് നമ്മുടെയും.

അതേ മേതീ, നിന്നെക്കൊണ്ട് ഈ വേദനയൊക്കെ അനുഭവിക്കാൻ പറ്റുന്നുണ്ടോ?









ആ വേദനയാണ് ഇന്നും നമ്മുടെ ശരീരത്തിലും നീർച്ചാലുകളിലും അരുവികളിലും ഒഴുകിക്കൊണ്ടിരിക്കുന്നത്. അതേ വേദന നമ്മുടെ മനസ്സിലും ശരീരത്തിലെ ഓരോ ജീവകോശങ്ങളിലും മണ്ണിലും ഒരു നൊമ്പരമായി അലിഞ്ഞു ചേര്ന്നുകൊണ്ടിരിക്കുന്നു.


അതേ അജ്ജീ, അതൊക്കെ ഇനിയും നമ്മൾ പോരാടി നേടേണ്ടിയിരിക്കുന്നു. അങ്ങനെ തുടരെ തുടരെ നമ്മളെ ചൂഷണം ചെയ്യുമ്പോഴും പരിഷ്കൃത സമൂഹമെന്ന് അഭിമാനിക്കുന്നവർ എന്തുകൊണ്ട് മൗനം പാലിക്കുന്നു?
ആയിരക്കണക്കിന് ആദിവാസികൾ ഒത്തുകൂടി പോരാടി.




തേയില, കാപ്പി തോട്ടങ്ങളിൽ എന്നുമുതലാണ് നമ്മൾ പണിയെടുക്കാൻ തുടങ്ങിയത്?. ആരാണ് ഇതിനൊക്കെ കാരണമായത്?. നമുക്കുള്ള ഭക്ഷണ സാധനങ്ങൾ നമ്മൾ തന്നെയാണ് വിളയിച്ചിരുന്നത്.
നാണ്യവിളകളുടെ വരവോടെ നാം ഭൂരഹിതരായി. മെലിഞ്ഞു പോയി.
ബ്രിട്ടീഷുകാരുടെ കയ്യിൽ പണവും അത്യാർത്ഥിയും ഉണ്ടായി. നമ്മൾ അങ്ങനെ ആവാൻ പാടില്ല. സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ നമ്മൾ പോരാടുകതന്നെ വേണം.

മുൻപ് നമ്മൾ എന്തിന് വേണ്ടിയാണ് സമരങ്ങൾ ചെയ്തത്.
നമ്മുടെ ആവശ്യം ഭൂമിയാണോ? അതോ അവകാശമാണോ?

അതേ മേതീ, ധൈര്യത്തോടെ ആയുധങ്ങൾ കൊണ്ട് സമരങ്ങൾ ചെയ്തിരുന്നു. അതിലൂടെ കുറച്ചു ഭൂമി തിരിച്ചു പിടിച്ചും ആ ഭൂമിക്ക് "ഒതുക്കപ്പെട്ടഭൂമി" എന്നു പറഞ്ഞു. അതിനുശേഷം അവർ അതിൽ താമസം തുടങ്ങി.

പിന്നീട് "സംരക്ഷിക്കപ്പെട്ട വനം" എന്ന് പ്രഖ്യാപിച്ചു. കൃഷിക്കാരായ നമ്മളെ അവകാശമില്ലാത്തവരും കുറ്റക്കാരുമായി ചിത്രീകരിക്കപ്പെട്ടു.

നമ്മൾ അവകാശങ്ങൾക്ക് അർഹരല്ലാത്തവരായി മാറ്റി. പരിതാപകരമായ നിലയിലാക്കി. ചില സ്വകാര്യ സന്നദ്ധ സംഘടനകൾ നമ്മളെ സാഹായിക്കാനും സംരക്ഷിക്കാനും വേഷം കെട്ടിയെത്തി.

നമ്മുടെ ലോകം ആകെ മാറി. വിദ്യാലയം, ആശുപത്രികൾ സർക്കാരേതര സന്നദ്ധസംഘടനകൾ പ്രത്യക്ഷപ്പെട്ടു. എല്ലാവരും നമ്മുടെ പൂർവികരുടെ പേരുകൾ കടമെടുത്തു.






അതേ മേതീ, ബ്രിട്ടീഷുകാർ ഇവിടം
വിട്ടെങ്കിലും അവരുണ്ടാക്കിയ
നിയമങ്ങൾ ഇപ്പോഴും നിലവിലുണ്ട്.
ആദിവാസികൾക്ക് മാത്രം
സ്വാതന്ത്ര്യ മാറ്റത്തിന്റെ ഗുണഭാഗങ്ങൾ
നിഷേധിക്കപ്പെട്ടു.
അതെ, വനാവകാശ നിയമം മുഖേന
വനം വകുപ്പ് നമ്മുടെ കാടിനെ മുഴുവനായും
ഏകപക്ഷീയമായി സർക്കാർ സ്വന്തമാക്കി.




അതേ മേതീ, സ്വപ്നത്തിൽ പുലിയെ കണ്ടിരുന്നോ?
ഇതിനിടെ പുലിയുടെ എണ്ണത്തിൽ വളരെ കുറവ്
അനുഭവപ്പെട്ടിരുന്നു. റയിൽപാത,
തൊഴിൽ വ്യവസായ ശാലകൾ ഉണ്ടാക്കുന്നതിനായി
മരങ്ങൾ വെട്ടിനശിപ്പിച്ചു. ഇതെല്ലാം അവസാനിപ്പിക്കാൻ
എന്ത് നടപടി സ്വീകരിക്കണം.

ജനങ്ങളെയും വന്യജീവികളെയും ഉപദ്രവിച്ചു തുടങ്ങി.
നമ്മൾ വീടുകളിൽ നിന്ന് ആട്ടിപായിക്കപ്പെട്ടു.






നാടിന്റെ വികസനത്തിന്റെ പേരിൽ തുരങ്കം ഉണ്ടാക്കി
അങ്ങനെ ഭൂമിയുടെ അമൂല്യ ധാതുക്കൾ
കുഴിച്ചെടുത്ത് അവർ സമ്പന്നരായി.
TATA: LAND ACQUIRED FOR MINING
சுரங்கத்திற்காக கையகப்படுத்தப்பட்ட நிலம்
TATA
LAND ACQUIRED FOR DAM
அணைக்கு கையகப்படுத்தப்பட்ட நிலம்
TATA
നിങ്ങളെ ഏതു നിമിഷവും
കാടിന് പുറത്താക്കാൻ അവർ
നിയമം ഉണ്ടാക്കികഴിഞ്ഞു.
അതേ, അജ്ജീ,അങ്ങനത്തെ ഒരു തീരുമാനം
അവർ ആരോട് ആലോചിച്ചാണ് എടുത്തത്?


എപ്പോഴാണ് നാം ഭൂമി തിരിച്ചുപിടിക്കുക?
N.G.O.
SAVE THE ADIVASIS
എവിടെയാണ് നമ്മുടെ അവകാശങ്ങളും രാഷ്ട്രീയ ബലവും?
സ്കൂളിലും ആരോഗ്യത്തിലും തൊഴിൽ അവസരങ്ങളിലും നാം എങ്ങനെ പുറം തള്ളപ്പെട്ടു?
അതെ മേതീ, രാഷ്ട്രീയ കക്ഷികൾ നമ്മളെ സഹജീവികളായി കണക്കാക്കാൻ പോലും വിസമ്മതിച്ചു. സർക്കാറിന് കീഴിലില്ലാത്ത സ്ഥാപനങ്ങൾ നമ്മളെ സഹായിക്കാനെത്തി. എന്നാൽ ഇവർക്കൊന്നും നമ്മുടെ വിശ്വാസത്തെയോ സഹകരണത്തെയോ നേടിയെടുക്കാനായില്ല. അധികമായി സഹായം ലഭിച്ചതിനാൽ അതിന്റെ പേരിലും അധികം ഭൂമി നഷ്ടമായതും നമ്മൾക്കു തന്നെ.
അതെ അജ്ജീ, എന്നാണ് ആദിവാസികൾ സ്വതന്ത്രരാവുക?


അതെ അജ്ജീ, എന്തൊരു ക്രൂരത! നമ്മുടെ പൂർവ്വികരുടെ ചരിത്രം ഞാൻ വിദ്യാലയത്തിൽ പഠിച്ചതേയില്ല.
നീ കുട്ടിയായി ഇരുന്നപ്പോൾ പ്രകൃതിയിൽ നിന്ന് അമ്മ, അജ്ജീ തുടങ്ങി മറ്റു കുടുംബങ്ങളിൽ നിന്ന് മാത്രം പഠിച്ചു മനസ്സിലാക്കി.
ഇപ്പോൾ കോൺക്രീറ്റ് മതിലിനുള്ളിൽ അടച്ചിടപ്പെട്ടിരിക്കുന്നു. ഗണിതം, ചരിത്രം പാഠങ്ങൾ പഠിപ്പിച്ചു തീരുന്നില്ല. ഈ അവസരം മറികടന്നു മറ്റു ദിശയിലേക്ക് ഹൃദയം തുടിക്കുന്നത് അറിയാൻ പറ്റും.
അജ്ജീ, അധ്യാപകൻ ആദിവാസി മൊഴിയിൽ സംസാരിക്കുന്നില്ല. വിദ്യാർഥികൾ ഏറെ ബുദ്ധിമുട്ടിയാണ് ആദിഭാഷ വശമില്ലാത്ത അദ്ധ്യാപകന്റെ അദ്ധ്യയനഭാഷയിലൂടെ പാഠങ്ങൾ ഗ്രഹിക്കുന്നത്.


ഓ മേതി! "ഭാഷ" ഒരു ഇല പോലെയാണ്. അതിന്റെ വേരുകളാണ് നമ്മുടെ വിശ്വാസങ്ങൾ! പക്ഷികളും തേനീച്ചകളും സൂര്യനും ജലവും വൃക്ഷങ്ങളും നമ്മുടെ ദൈവങ്ങളും ഗുരുനാഥന്മാരുമാണ്.
ജാതി നോക്കിയാൽ നമ്മുടെ അടയാളം കാണാൻ പറ്റില്ല. ഇപ്പോൾ ഉള്ള ബ്രാഹ്മണ ക്ഷേത്രങ്ങൾ എല്ലാം നമ്മുടെ പുണ്യസ്ഥലങ്ങളാണ്.
അതേ അജ്ജീ, നമ്മുടെ വീടിന്റെ അടുത്താണ് ഗണേശൻ, വിഷ്ണു, പാർവ്വതി, ശിവൻ  ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നത്?.
നമ്മുടെ ആചാരങ്ങളും മറ്റുള്ളവരുടെ ആചാരങ്ങളും ഒന്നു തന്നെ. പക്ഷെ ഒന്നു ഓർക്കണം മേതീ, നമ്മുടെ ആചാരങ്ങളാണ് നമ്മുടെ സമ്പ്രദായങ്ങളാണ് യാഥാർത്ഥ്യം. നമ്മുടെ പുണ്യ സ്ഥലങ്ങളെയും കാടിനെയും സംരക്ഷിക്കണം. കാടിനെ പരിപാലിച്ച് പ്രകൃതിയോട് ചേർന്നു ജീവിക്കണം.

അതേ അജ്ജീ, ഈ പ്രശ്നങ്ങളെ എങ്ങനെയാണ് തരണം ചെയ്യേണ്ടത്? ഭൂപടങ്ങൾ വരച്ചു നമ്മുടെ കുടിയിരുപ്പുകളെ എങ്ങനെ  സംരക്ഷിക്കും?

നമ്മളിൽ ചില പേർ കാട്ടിലും, നാട്ടുമ്പുറത്തും, നഗരങ്ങളിലും താമസിക്കുന്നു. എവിടെ കഴിയുന്നുവെന്നതല്ല വിഷയം. മനസ്സ് സദാ പോരാടിക്കൊണ്ടിരിക്കുന്നു. നമ്മൾ ഒറ്റക്കൊറ്റക്ക് പോരാടുന്നത് ഫലപ്രദമാവില്ല. അഞ്ചുവിരലുകൾ ഒത്തുചേരുമ്പോഴുള്ള ബലം നാം ഓർക്കണം.



2002 വർഷം പരിസ്ഥിതി സംരക്ഷണവും വനം വകുപ്പും ചേർന്ന് ആദിവാസികളെ ഇടം മാറ്റം ചെയ്തപ്പോൾ ഭൂമി നഷ്ടമായി. ആയതുകൊണ്ട് ഇവരെ എതിർത്തുകൊണ്ടുള്ള സമരങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.




സർക്കാറിന്റെ വ്യവസ്ഥകൾക്ക് ആദിവാസികൾ വഴങ്ങാതെ അതിനു പകരം കൂടുതൽ ശക്തിയാർജ്ജിച്ച് പുതിയ നിയമങ്ങൾ രൂപീകരിക്കുന്നതുവരെ സമരം തുടർന്നുകൊണ്ടിരുന്നു.

അജ്ജീ, അത് ഏതു നിയമം?

അതേ മേതീ, ഇന്ത്യൻ ഭരണഘടനയിൽ എല്ലാ പൗരന്മാർക്കും നിയമം തുല്യമാണെന്ന് പറയുന്നു. നിയമം തുല്യമായിരിക്കെ അതിക്രമിക്കുന്നവർ ശിക്ഷിക്കപ്പെടുന്നു.

വനാവകാശ നിയമം വനത്തിൽ വാഴുന്നവരുടെയും ആദിവാസികളുടെ ജീവിത നിലവാരത്തെയും വനസംരക്ഷണത്തെയും ഉറപ്പുവരുത്തുന്നു.

നമ്മൾ മൃഗങ്ങളെ വേട്ടയാടുന്നതും പച്ചമരങ്ങൾ വെട്ടിവിൽക്കാനും പാടില്ല. മറ്റു വനവിഭവങ്ങളെ ആശ്രയിച്ച് ജീവിക്കാം.

അതേ അജ്ജീ, പുല്ല്, മരം, പച്ചമരുന്നുകൾ പൂക്കൾ, ഇഞ്ചി, മീൻ, തേൻ, വിറക് ഇതെല്ലാം ഓർത്തുനോക്ക് ഇവയെല്ലാം പ്രകൃതിക്ക് ആഘാതമേൽപ്പിക്കുന്ന വനവിഭവങ്ങളല്ല.





ഓ അജ്ജീ, വനാവകാശ നിയമം - 2006
പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?
നമുക്കുള്ള ആവശ്യങ്ങൾ എങ്ങനെ ചോദിച്ചു വാങ്ങണം?

കമ്പിളി പുഴുവിന്റെ ജീവിതം ഓർത്തുനോക്കൂ.
വനാവകാശനിയമം 2006-ന്റെ
പ്രവർത്തനങ്ങളും അതുപോലെതന്നെയാണ്.

*മുട്ടകൾ:*
ആദ്യം ഗ്രാമസഭ ഉണ്ടാക്കണം. അതിന് 18
വയസ്സിന് മുകളിലുള്ള ആൺ, പെൺ ഒന്നടങ്കം അതിൽ
ചേരണം. നമ്മുടെ വീട് നിലം തൊഴിലവസരങ്ങൾ വിലപേശി
വാങ്ങണം. വനത്തിൽ താമസിക്കുന്ന സമൂഹത്തെ ചിട്ടപ്പെടുത്തണം
ആദിവാസികൾക്ക് മാത്രമല്ല 75 വർഷങ്ങളായി കാട്ടിൽ
താമസമുള്ള മറ്റു വിഭാഗക്കാർക്കും ഈ
നിയമം ബാധകമാണ്.

*കൂട്:*
നമ്മുടെ അപേക്ഷകൾ പരിശോധിച്ച്
അത് നിറവേറ്റിത്തരണം. ഉരു സഭകളുടെ
അനുവാദമില്ലാതെ ആദിവാസി ഭൂമി
വികസനത്തിന്റെ പേരിൽ പിടിച്ചെടുക്കാൻ
പാടില്ല. അങ്ങനെ സംഭവിച്ചാൽ
എസ്.ഡി.എൽ.സി., ഡി.എൽ.സി.,ക്ക്
പരാതി ബോധിപ്പിക്കാം.


*കമ്പിളിപ്പുഴു:*
ഊരുസഭ മൂലമാണ് നമ്മുടെ
അവകാശങ്ങൾ നേടിയെടുക്കേണ്ടത്.
നമ്മുടെ വനവിഭവങ്ങളായ അരുവി
ചെറുവന വിഭവങ്ങൾ വനത്തിന്റെ
ഭൂപടം ഇതൊക്കെ
അതിലടങ്ങും.

*ചിത്രശലഭം:*
നിങ്ങളുടെ ആവശ്യങ്ങൾ
നിറവേറ്റുമ്പോൾ ഭൂമിയും
കാടും നിങ്ങൾക്ക് സ്വന്തമാകും.
അതിന് ശേഷം വനങ്ങളെ സംരക്ഷിച്ചു
അതിലുള്ള വനവിഭവങ്ങൾ
അനുഭവിക്കാം.

അതെ അജ്ജീ, ഓരോ ഗ്രാമത്തിലും
അവരവരുടെതായ ആവശ്യങ്ങൾ ഉണ്ട്.

ആയതിനാൽ എല്ലാവരും ഒത്തുകൂടിയാൽ
അതെല്ലാം നേടിയെടുക്കാം.

അതേ മേതീ, ഇത് ദീർഘകാല പരിശ്രമമായിരിക്കും.
മൂന്ന് സർക്കാർ സ്ഥാപനങ്ങൾ ഇതിനുവേണ്ടി
നിയമിക്കപ്പെട്ടിട്ടുണ്ട്. നിങ്ങളുടെ ഓരോ
അപേക്ഷകളും ആവശ്യങ്ങളും നടത്തിത്തരണം.






**എത്ര ഭൂമി നമുക്കെടുക്കാം?**
വനത്തിൽ താമസിക്കുന്ന ഓരോ കുടുംബവും 4 ഹെക്ടർ(10ഏക്കർ) കൃഷിചെയ്തുകൊണ്ടിരിക്കുന്ന ഭൂമി ചോദിച്ച് വാങ്ങാം.

**ആ ഭൂമിയെ വിൽക്കാൻ പറ്റുമോ?**
ആ ഭൂമി വിൽക്കാനോ വാങ്ങാനോ കൈമാറ്റം ചെയ്യാനോ പറ്റില്ല. ഓരോ കുടുംബവും അവരുടെ പിൻതലമുറക്ക് കൈമാറാം.

**എന്റെ കൂട്ടുകാരി കാട്ടിലാണ് താമസം. പക്ഷെ അവൾ ആദിവാസി അല്ല. അവൾക്കും ഭൂമി അവകാശപ്പെടാമോ? എങ്ങനെ?**
അവൾക്കും ഭൂമി അവകാശപ്പെടാവുന്നതാണ്. മൂന്ന് തലമുറകളായി അല്ലെങ്കിൽ 2005 – മത് ആണ്ട് അടിസ്ഥാനമാക്കി മുമ്പ് 75 വർഷമായി അവരുടെ തലമുറ കാട്ടിൽ താമസിച്ചിരിക്കണമെന്ന് മാത്രം.

**ഏത് സർക്കാർ വകുപ്പ് ഉദ്യോഗസ്ഥരാണ് ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്?**
പട്ടികവർഗ വികസന വകുപ്പിന്റെ കീഴിലാണ് **"വനാവകാശ നിയമം 2006"** പ്രവർത്തികമാക്കുന്നത്. ഈ സംസ്ഥാനത്തിലുള്ള പട്ടികവർഗ വിഭാഗമാണ് നോക്കുന്നത്. വനം വകുപ്പിന്റെ പ്രതിനിധീകരിച്ച് ആർ.ഡി.ഒ., എസ്.ഡി.എൽ.സി., ഡി.എൽ.സി ., കമ്മിറ്റി എന്നിവ മാത്രമല്ല ജില്ലാ പരിശീലന കമ്മിറ്റി പട്ടിക വർഗവിഭാഗവും, റവന്യു വകുപ്പുകൾ, തിരഞ്ഞെടുക്കപ്പെട്ട ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റി മെംബർമാരും ചേർന്നാണ് ഈ ജോലികൾ ചെയ്യേണ്ടത്.

**ഇത്രയും പണികൾ ആണുങ്ങൾ മാത്രമാണോ ചെയ്യുന്നത്?**
അല്ല, ഈ പണികൾക്ക് ആൺ പെൺ വ്യത്യാസമില്ല.

**പുലി സംരക്ഷണ കേന്ദ്രത്തിനകത്തുള്ള ഭൂമി ചോദിച്ച് വാങ്ങാവോ?**
അതും ചോദിക്കാം. വനം എന്നാൽ ഇന്നതെന്ന് നിർവചിക്കാത്ത സ്ഥലം, സംരക്ഷിത വനം, സാമൂഹിക വനം, റവന്യുവനം അങ്ങനെ ഏത് തരത്തിലുള്ള ഭൂമിയും അതായത് വർഗീകരിക്കാത്ത വേർതിരിക്കാത്ത നിലവിലുള്ളതും ആയിത്തീരേണ്ടതുമായ വനങ്ങൾ റിസർവ്വ് വനങ്ങൾ വന്യജീവി സങ്കേതങ്ങൾ ദേശീയോദ്യാനങ്ങൾ ഉൾപ്പെടെ എല്ലാം വനഭൂമിയിൽ പെടും.


അതേ മേതീ, നീ കണ്ണടച്ചിട്ട് ആലോചിക്കുന്നോ?
ഇല്ല അജ്ജീ, നിങ്ങൾ പറയുന്നതോരോന്നും ഞാൻ ശ്രദ്ധിച്ച് കേൾക്കുകയായിരുന്നു. കണ്ണു തുറന്നുകൊണ്ടേ എനിക്ക് ആ സ്വപ്നം കാണാൻ പറ്റും. നിങ്ങൾക്ക് വയസ്സായതുകൊണ്ട് അങ്ങനെ തോന്നിയതാകാം. ഞാൻ ഇവിടെ പഠിച്ചതെല്ലാം എല്ലാവരോടും പറയാനിരിക്കുകയാണ്.
അതേ മേതി! ഞാൻ അഭിമാനിക്കുന്നു. നീ സുന്ദരിയായിരിക്കുന്നു. നിന്റെ തലമുറ ഈ പോരാട്ടം മുന്നോട്ടു കൊണ്ടുപോകും..


വനാവകാശ നിയമത്തെ തെക്കെ ഇന്ത്യയിലുള്ള
നീലഗിരി മലമ്പ്രദേശത്ത് വസിക്കുന്ന
ആദിവാസി പെൺകുട്ടി മേതിലിന്റടുത്ത്നിന്ന്
പഠിച്ചുകൊള്ളുക